"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ (KRTM) സൊസൈറ്റിയിലെ ജീവനക്കാരുടെ (CEO യെ ഒഴിവാക്കി) ശമ്പളത്തിൽ 30% വർധനവ് 01.01.2026 പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.145/2026/TSM                                        തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. സ.ഉ(കൈ) നം.2/2023/ടി.എസ്.എം തീയതി 13.01.2023.
2. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി സി.ഇ.ഒ യുടെ 26.08.25-ലെ കെ.ആർ.ടി.എം.എസ്/213/2025-2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2017 - ൽ പ്രവർത്തനം ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സ്വതന്ത്രവും, വിപുലവുമാക്കുന്നതിനായി ഒരു സ്വതന്ത്ര സ്വഭാവം ആവശ്യമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ ലയിപ്പിച്ചുകൊണ്ടു കെ.ആർ.ടി.എം സൊസൈറ്റി രൂപീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. 2017 - ൽ പ്രവർത്തനം ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയിൽ ഒരു പ്രാവശ്യം പോലും ശമ്പള വർദ്ധന നടപ്പിലാക്കിയിട്ടില്ലായെന്നതിനാൽ നിലവിലെ വേതനത്തിന്റെ 14% വർദ്ധനവ് വരുത്തിയ പ്രൊപ്പോസൽ സർക്കാരിലേക്ക് ശിപാർശ ചെയ്യുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുകയും പ്രസ്തുത പ്രൊപ്പോസൽ സി.ഇ.ഒ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

3. കെ.ആർ. ടി.എം സൊസൈറ്റി നിലവിൽ തനത് വരുമാനം കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും സൊസൈറ്റിയിലെ ജീവനക്കാർക്ക് നാളിതുവരെ ശമ്പളവർദ്ധനവ് ലഭ്യമായിട്ടില്ല എന്നത് കണക്കിലെടുത്തും വളരെ കുറഞ്ഞശമ്പളത്തിൽ ഈ കാലഘട്ടത്തിൽ ജീവിത സാഹചര്യം മുന്നോട്ട് കൊണ്ടുപോകുവാൻ ബുദ്ധിമുട്ട് നേരിടുന്നുവെന്നത് കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ശമ്പള വർദ്ധനവ് ലഭ്യമാക്കണമെന്ന് സി.ഇ.ഒ

അഭ്യർത്ഥിക്കുകയുണ്ടായി.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.01.2026 തീയതി പ്രാബല്യത്തിൽ കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയിലെ ജീവനക്കാരുടെ (CEOയെ ഒഴിവാക്കി) ശമ്പളത്തിൽ 30% വർധനവ് വരുത്തി, ആയത് തൊട്ടടുത്ത 100 ന്റെ ഗുണിതത്തിലേയ്ക്ക് റൗണ്ട് ചെയ്തു പരിഷ്കരിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5.KRTM സൊസൈറ്റിയുടെ പ്രവർത്തന ചെലവുകൾ കണ്ടെത്തുന്നതിന് നിലവിലുള്ള സർക്കാർ പദ്ധതികൾക്ക് പുറമെ ഇതര പദ്ധതികൾ ഏറ്റെടുക്കാനുള്ള അവസരങ്ങൾ വിനിയോഗിച്ചു വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

6.കൺവേയൻസ് അലവൻസ് പരിഷ്കരണം ആവശ്യമെങ്കിൽ ആയതിനുള്ള പ്രൊപ്പോസൽ ആവശ്യമായ വിശദാംശങ്ങൾക്കൊപ്പം പ്രത്യേകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, പാർക്ക് വ്യൂ തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്-2), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(ഫയൽ നം.വ്യയം-ബി2/309/2024-ഫിൻ)
സബ്ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം.
വെബ്ബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Archana T
സെക്ഷൻ ഓഫീസർ
Date: 05-03-2026 13:53:31

പകർപ്പ്:

1. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ
2. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ

സെക്രട്ടറിയുടെ സി.എ